**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6519** **10-07-2024 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട [ഒ.ഇ.സി., ഒ.ബി.സി., ഒ.ബി.സി.(എച്ച്)] വിദ്യാർത്ഥികൾക്ക് ഏതൊക്കെ രീതിയിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട [ഒ.ഇ.സി., ഒ.ബി.സി., ഒ.ബി.സി.(എച്ച്)] വിദ്യാർത്ഥികൾക്കായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം<br><br>2. ഒ.ബി.സി./ഇ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് (PM-YASASVI) (60% CSS)<br><br>3. സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ള കെടാവിളക്ക് സ്കോളർഷിപ്പ്.<br><br>4. ഒ.ഇ.സി. പോസ്റ്റ്മെട്രിക്വിദ്യാഭ്യാസാനുകൂല്യം.<br><br>5. ഒ.ബി.സി./ഇ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്<br><br>6. ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തിവരുന്ന വിദ്യാർത്ഥികൾക്കുള്ള ഓവർസീസ് സ്കോളർഷിപ്പ്.<br><br>7. മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരെയുമോ നഷ്ടപ്പെട്ടവരുമായ ഒ.ബി.സി. വിദ്യാർത്ഥിനികൾക്ക് സ്പെഷ്യൽ സ്കോളർഷിപ്പ്. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര മാസങ്ങളായി ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (ബി) | ഒ.ഇ.സി, ഒ.ബി.സി, ഒ.ബി.സി.(എച്ച്) വിഭാഗം വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് ഒഴികെ മറ്റ് പദ്ധതികൾക്കൊന്നും കുടിശ്ശിക ഉണ്ടായിട്ടില്ല. ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യ കുടിശ്ശിക തീർക്കുന്നതിനായി ആകെ 396.41 കോടി രൂപ അധിക ധനാനുമതി അനുവദിച്ചിരുന്നു. ടി തുക |

| | | | |
|---|---|---|---|
| | | | വിനിയോഗിച്ച് 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ പരമാവധി കുടിശ്ശികയും 2023-24 വർഷം വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികൾക്ക് നൽകാനുള്ള ആനുകൂല്യങ്ങൾ കുടിശ്ശിക തീർത്ത് പൂർണ്ണമായും എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | 2024-25 വർഷ ബഡ്ജറ്റിൽ ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അനുവദിച്ചു കിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 300 കോടി രൂപ അധികമായി ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് താമസംവിനാ കുടിശ്ശിക തീർക്കുന്നതിനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ